**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം. 5273**

**23/05/2017-ൽ മറുപടിയ്ക്ക്**

**ഭവന പദ്ധതികളിൽ ഗുണഭോക്താക്കൾക്ക് രേഖകൾ തിരികെ നൽകുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ.കെ. ദാസൻ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ വകുപ്പിൽ വിവിധ ഭവനപദ്ധതികളിൽ ഗുണഭോക്താക്കൾ അവരുടെ എഗ്രിമെന്റ് റദ്ദുചെയ്ത് ആധാരവും മറ്റ് രേഖകളും തിരികെ ലഭിക്കുന്നതിനായി അപേക്ഷ നൽകിയതിൽ തീർപ്പായിട്ടില്ലാത്ത എത്ര കേസുകൾ നിലനിൽക്കുന്നു എന്നത് വ്യക്തമാക്കുമോ; | (എ) | തീർപ്പാക്കിയിട്ടില്ലാത്ത 125 അപേക്ഷകൾ നിലവിലുണ്ട്. |
| (ബി) | തീർപ്പാകാത്ത അപേക്ഷകൾ സമയബന്ധിതമായി എപ്പോൾ തീർപ്പാക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | ഇത്തരം അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഭാവിയിൽ ഇത്തരം അപേക്ഷകൾ പരിശോധിച്ച് തീർപ്പാക്കുന്നതിന് ജില്ലാ കലക്ടർമാരെ ചുമതലപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | തീർപ്പാകാത്ത കേസുകളിൽ കൊയിലാണ്ടി മണ്ഡലത്തിലെ ചേമഞ്ചേരി, ചെങ്ങോട്ട്കാവ്, മൂടാടി, തീക്കോടി പഞ്ചായത്തുകളിൽ നിന്നുള്ള ആരുടെയെല്ലാം അപേക്ഷകളുണ്ട് എന്ന് വ്യക്തമാക്കാമോ; അടിയന്തരമായി ഈ അപേക്ഷകൾ തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | തീർപ്പാക്കാത്ത കേസുകളിൽ കൊയിലാണ്ടി മണ്ഡലത്തിലെ ചേമഞ്ചേരി, ചെങ്ങോട്ടുകാവ്, മൂടാടി, തീക്കോടി പഞ്ചായത്തുകളിൽ നിന്നുള്ള അപേക്ഷകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ